"ഭരണഭാഷ മാതൃഭാഷ"

"കസ്റ്റഡി
തിരുത്തൽ
നവീകരണം
പുനരധിവാസം"
www.keralaprisons.gov.in

കേരള പ്രിസൺസ്
&കറക്ഷണൽ സർവ്വീസസ്

ആസ്ഥാന കാര്യാലയം
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12
0471-2342532
keralaprisons@gov.in

**നടപടികൾ**

വിഷയം : ജയിലുകൾ - ജയിലാസ്ഥാനകാര്യാലയം - ജീവനക്കാര്യം – പരിശോധന വിഭാഗം പുനഃക്രമീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :

1. 10.08.2017 തീയതിയിലെ GO(P) No 64/2017/ധന നമ്പർ സർക്കാർ ഉത്തരവ്.
2. 20.04.2018 തീയതിയിലെ നമ്പർ 33/2018/ധന. സർക്കുലർ ഉത്തരവ്.
3. 08.05.2023 തീയതിയിലെ GO(P) No 46/2023/ധന നമ്പർ സർക്കാർ ഉത്തരവ്

**ഉത്തരവ് നമ്പർ: KPCS/5630/2025-E1; തീയതി: 11-09-2025**

പരാമർശം 1, 2 ലെ ഉത്തരവുകൾ പ്രകാരം വിവിധ വകുപ്പുകളിലെ ആഭ്യന്തര പരിശോധനവിഭാഗം ശക്തിപ്പെടുത്തുന്നതിനായി വിശദമായ മാർഗ്ഗനിർദ്ദേശം സർക്കാർ പുറപ്പെടുവിച്ചിരുന്നു. ആയതിന്റെ ഭാഗമായി ജയിൽ വകുപ്പിലെ സെൻട്രൽ ജയിലുകൾ, തുറന്ന ജയിലുകൾ, ജില്ലാ ജയിലുകൾ, സ്പെഷ്യൽ സബ് ജയിലുകൾ, സബ് ജയിലുകൾ, വനിത ജയിലുകൾ, ബോർസ്റ്റൽ സ്കൂൾ, സിക്ക സെന്ററുകൾ എന്നിവ ഉൾപ്പടെ 63 സ്ഥാപനങ്ങളിലെ സാമ്പത്തിക ഉത്തരവാദിത്വവും കാര്യക്ഷമതയും വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ജയിൽ വകുപ്പിലെ പരിശോധന വിഭാഗത്തെ ശക്തിപ്പെടുത്തുന്നതിനും ജയിലുകളിലെ ആഭ്യന്തര പരിശോധന സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി മേഖല ഡി.ഐ.ജി ഓഫീസിലെ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തിക്കൊണ്ട് മേഖല തല ആഡിറ്റ് ടീമും ജയിലാസ്ഥാനകാര്യാലയത്തിലെ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തിക്കൊണ്ട് കേന്ദ്രീകൃത ആഡിറ്റ് ടീമുകളും (Dual Model structure audit team) രൂപീകരിച്ചുകൊണ്ട് ഉത്തരവാകുന്നു.

1. **മേഖല ഡി.ഐ.ജിമാരുടെ നേതൃത്വത്തിൽ മേഖല തല ആഡിറ്റിംഗ്**

മേഖല ഡി.ഐ.ജി ഓഫീസുകളിലെ ജൂനിയർ സൂപ്രണ്ട് /ഹെഡ് ക്ലർക്ക് /മാനേജർ- 1, ക്ലർക്ക്-1 എന്നീ അംഗങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് മേഖല പരിശോധന വിഭാഗം രൂപീകരിക്കുന്നു.

ചുമതലകൾ/നിർദ്ദേശങ്ങൾ

1. ഓഡിറ്റിനായി നിയോഗിക്കുന്ന ഉദ്യോഗസ്ഥർ ഡിഐജി ഓഫീസിലെ റെഗുലർ ജോലിക്ക് പുറമേ മേഖലയിലെ സ്പെഷ്യൽ സബ് ജയിലുകൾ, സബ് ജയിലുകൾ, വനിത ജയിലുകൾ ബോർസ്റ്റൽ സ്കൂൾ എന്നിവിടങ്ങളിൽ ആഭ്യന്തര പരിശോധന കൂടി നടത്തേണ്ടതാണ്. മേഖല ഡി.ഐ.ജിമാർ ആഡിറ്റ് നിരീക്ഷിക്കേണ്ടതാണ്.
2. മേഖല ഓഡിറ്റ് ടീം മേഖലയിലെ ടി ജയിൽസ്ഥാപനങ്ങളിൽ വർഷത്തിൽ കുറഞ്ഞത് ഒന്ന് വീതം തവണ ഓഡിറ്റ് നടത്തേണ്ടതും ഇപ്രകാരം തയ്യാറാക്കുന്ന പരിശോധന റിപ്പോർട്ട് ജയിലാസ്ഥാന കാര്യാലയത്തിലെ ചീഫ് ഓഡിറ്റ് ഓഫീസർക്ക് സമർപ്പിക്കേണ്ടതുമാണ് . ഓരോ സാമ്പത്തിക വർഷം അടിസ്ഥാനപ്പെടുത്തി ആയിരിക്കണം ഓഡിറ്റ് നടത്തേണ്ടത്.
3. രണ്ടു ദിവസമാണ് ഒരു സ്ഥാപനം പരിശോധിക്കുന്നതിനായി മേഖല ഓഡിറ്റ് ടീമിനു അനുവദിക്കുന്നത്, എന്നാൽ അനിവാര്യമെങ്കിൽ മേഖല ഡിഐജിയുടെ അനുമതിയോടെ ജയിൽ സ്ഥാപനങ്ങളിൽ ഒരു ദിവസം കൂടി പരിശോധന നടത്താവുന്നതും കൂടുതൽ ദിവസങ്ങൾ ആവശ്യമായി വരുന്നുവെങ്കിൽ വകുപ്പ് മേധാവിയുടെ അനുമതി വാങ്ങേണ്ടതുമാണ്.
4. മേഖലാതല ഓഡിറ്റ് ടീം ജയിൽ സ്ഥാപനങ്ങളിലെ പരിശോധന റിപ്പോർട്ടുകളും കണ്ടെത്തലുകളും രേഖപ്പെടുത്തുന്നതിനായി രജിസ്റ്റർ സൂക്ഷിക്കേണ്ടതും ആയത് റിവ്യൂ മീറ്റിംഗിൽ ചീഫ് ആഡിറ്റ് ഓഫീസറെയും വകുപ്പ് മേധാവിയെയും അറിയിക്കേണ്ടതുമാണ്.
5. മേഖലാതല ഓഡിറ്റ് ടീമിന് ആവശ്യമായ ട്രെയിനിങ് ചീഫ് ഓഡിറ്റ് ഓഫീസറുടെ നേതൃത്വത്തിൽ നൽകുന്നതാണ്.
6. മേഖലാതല ഓഡിറ്റ് ടീം സമർപ്പിക്കുന്ന റിപ്പോർട്ട് പ്രകാരം വൻ ക്രമക്കേടുകൾ കണ്ടെത്തുന്ന പക്ഷം ജയിലാസ്ഥാന കാര്യാലയം ഓഡിറ്റ് ടീം, വകുപ്പ് മേധാവിയുടെ അനുമതിയോടുകൂടി വീണ്ടും ഓഡിറ്റ് നടത്തേണ്ടതാണ്.

മേഖല പരിശോധന വിഭാഗം ആഡിറ്റ് നടത്തേണ്ട ജയിൽ സ്ഥാപനങ്ങൾ ചുവടെ ചേർക്കുന്നു.

<u>ദക്ഷിണ മേഖല</u>

1. സ്പെഷ്യൽ സബ് ജയിൽ നെയ്യാറ്റിൻകര
2. സ്പെഷ്യൽ സബ് ജയിൽ തിരുവനന്തപുരം
3. സ്പെഷ്യൽ സബ് ജയിൽ മാവേലിക്കര
4. സ്പെഷ്യൽ സബ് ജയിൽ കൊട്ടാരക്കര
5. സബ് ജയിൽ ആറ്റിങ്ങൽ
6. വനിത തുറന്ന ജയിൽ തിരുവനന്തപുരം

<u>മധ്യമേഖല</u>

1. സ്പെഷ്യൽ സബ് ജയിൽ ഇരിങ്ങാലക്കുട
2. സ്പെഷ്യൽ സബ് ജയിൽ പൊൻകുന്നം
3. സ്പെഷ്യൽ സബ് ജയിൽ മൂവാറ്റുപുഴ
4. സ്പെഷ്യൽ സബ് ജയിൽ ദേവികുളം

5. സബ് ജയിൽ വിയ്യൂർ
6. സബ് ജയിൽ പീരുമേട്
7.സബ് ജയിൽ ചാവക്കാട്
8. സബ് ജയിൽ പാലാ
9. സബ് ജയിൽ എറണാകുളം
10. സബ് ജയിൽ മട്ടാഞ്ചേരി
11. സബ് ജയിൽ ആലുവ
12. ബോർസ്റ്റൽ സ്കൂൾ, തൃക്കാക്കര

<u>ഉത്തര മേഖല</u>

1. സ്പെഷ്യൽ സബ് ജയിൽ ചിറ്റൂർ
2. സ്പെഷ്യൽ സബ് ജയിൽ മഞ്ചേരി
3. സ്പെഷ്യൽ സബ് ജയിൽ കോഴിക്കോട്
4. സ്പെഷ്യൽ സബ് ജയിൽ വൈത്തിരി
5. സ്പെഷ്യൽ സബ് ജയിൽ കണ്ണൂർ
6. സ്പെഷ്യൽ സബ് ജയിൽ തലശ്ശേരി
7. സ്പെഷ്യൽ സബ് ജയിൽ കൂത്തുപറമ്പ്
8. സ്പെഷ്യൽ സബ് ജയിൽ കാസറഗോഡ്
9. സബ് ജയിൽ ആലത്തൂർ
10 സബ് ജയിൽ ഒറ്റപ്പാലം
11. സബ് ജയിൽ പെരിന്തൽമണ്ണ
12. സബ് ജയിൽ പൊന്നാനി
13. സബ് ജയിൽ തിരൂർ
14. സബ് ജയിൽ കൊയിലാണ്ടി
15. സബ് ജയിൽ വടകര
16. സബ് ജയിൽ കണ്ണൂർ

**2. ചീഫ് ഓഡിറ്റ് ഓഫീസറുടെ നേതൃത്വത്തിൽ കേന്ദ്രീകൃത ഓഡിറ്റിംഗ്**

ജയിലാസ്ഥാനകാര്യാലയം ചീഫ് ഓഡിറ്റ് ഓഫീസറുടെ നേതൃത്വത്തിൽ ഒരു സീനിയർ സൂപ്രണ്ട്/ ജൂനിയർ സൂപ്രണ്ട്/ ഹെഡ് ക്ലർക്ക് , രണ്ട് ക്ലർക്കുമാർ എന്നിവരടങ്ങുന്ന **രണ്ട്** ടീം പ്രധ ാന ജയിൽ സ്ഥാപനങ്ങളിലും ജയിലാസ്ഥാനകാര്യാലയത്തിലും ഓഡിറ്റ് നടത്തേണ്ടതാണ്. ആഡിറ്റ് നടത്തേണ്ട ജയിൽ സ്ഥാപനങ്ങൾ ചുവടെ ചേർക്കുന്നു.

1. ജയിലാസ്ഥാന കാര്യാലയം
2. മൂന്നു മേഖല ഡിഐജി ഓഫീസുകൾ
3. സെൻട്രൽ ജയിലുകൾ
4. ജില്ലാ ജയിലുകൾ
5. തുറന്ന ജയിലുകൾ

6. വനിതാ ജയിലുകൾ
7. അതീവ സുരക്ഷാ ജയിൽ
8. സിക്കാ എക്സ്റ്റൻഷൻ സെന്ററുകൾ
9. ഗസ്റ്റ് ഹൗസ്

ചുമതലകൾ/നിർദ്ദേശങ്ങൾ

1. വകുപ്പ് മേധാവിയുടെ അനുമതിയെ തുടർന്ന് മാത്രം ഓഡിറ്റ് നടത്തേണ്ടതാണ്.
2. ഓരോ മാസവും അടുത്തുള്ള ഒരു ജയിൽ സ്ഥാപനത്തിലും അകലെയുള്ള ഒരു സ്ഥാപന ത്തിലും ഓഡിറ്റ് നടത്തേണ്ടതും ശരാശരി ഓരോ സ്ഥാപനങ്ങളിലും മൂന്നുദിവസവും, കൂടുത ൽ ദിവസങ്ങൾ ആവശ്യമെങ്കിൽ വകുപ്പ് മേധാവിയുടെയോ ജയിലാസ്ഥാന കാര്യാലയ ഡിഐജിയുടെയോ അനുമതി വാങ്ങി ഓഡിറ്റ് നടത്തേണ്ടതുമാണ്.
3. റിട്ടയർ ചെയ്യുന്ന ഉദ്യോഗസ്ഥർക്ക് പരാമർശം (2) ലെ നിർദ്ദേശം പാലിച്ചുകൊണ്ട് സമ യബന്ധിതമായി NLC നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ആയതുമായി ബന്ധപ്പെട്ടുള്ള പരിശോധന മൂന്ന് മാസത്തിനുള്ളിൽ പൂർത്തീകരിക്കേണ്ടതുമാണ്.
4. ജയിലാസ്ഥാന കാര്യാലയം, സെൻട്രൽ ജയിലുകൾ എന്നിവ ഇരു ടീമുകളും സംയുക്തമാ യി പരിശോധിക്കേണ്ടതാണ്. ഇത് കൂടാതെ **ഒന്നാം ടീം** 2 മേഖല ഡിഐജി ഓഫീസുകൾ, 6 ജില്ലാ ജയിലുകൾ, 2 വനിതാ ജയിലുകൾ, 1തുറന്ന ജയിൽ, 1 ഗസ്റ്റ് ഹൗസ് എന്നിവയും **രണ്ടാം ടീം** 1 മേഖല ഡിഐജി ഓഫീസ്, 7 ജില്ലാ ജയിലുകൾ, 1 വനിതാ ജയിൽ, 1തുറന്ന ജയിൽ, 1 അതീവ സുരക്ഷാ ജയിൽ, സിക്കാ എക്സ്റ്റൻഷൻ സെന്ററുകൾ എന്നിവയും ആഡിറ്റ് നടത്തേണ്ടതാണ്.
5. ചീഫ് ആഡിറ്റ് ഓഫീസർ ആഡിറ്റ് പരിശോധന രജിസ്റ്റർ സൂക്ഷിക്കേണ്ടതും ടി രജിസ്റ്ററിൽ ആഡിറ്റ് ചെയ്ത സ്ഥാപനങ്ങളെക്കുറിച്ചും, അതിൽ റിപ്പോർട്ട് സമർപ്പിച്ചവയെകുറിച്ചും തീർ പ്പ് കൽപ്പിച്ചിട്ടുള്ളവ, വിയോജിച്ചിട്ടുള്ളവ എന്നിവ സംബന്ധിച്ച വിവരങ്ങളും ഉൾപ്പെടുത്തി വകുപ്പ്മേധാവിയ്ക്ക് സമർപ്പിക്കേണ്ടതാണ്.
6. ആഡിറ്റ് വിയോജനങ്ങൾ പൂർത്തീകരിക്കുന്നതിനു സ്പെഷ്യൽ അദാലത്തുകൾ വകുപ്പ് മേധ ാവിയുടെ അനുമതിയോടുകൂടി ചീഫ് ആഡിറ്റ് ഓഫീസർ സംഘടിപ്പിക്കേണ്ടതാണ്

**പൊതു നിർദ്ദേശങ്ങൾ**

1. ഓഡിറ്റിന് ഓഫീസുകൾ തിരഞ്ഞെടുക്കുന്നതിന് കൂടുതൽ ചെലവോ ഇടപാടുകളോ ഉള്ള സ്ഥാപനങ്ങൾ, ഓഡിറ്റ് പൂർത്തീകരണത്തിനു കാലതാമസം സംഭവിച്ചിട്ടുള്ള ഓഫീസുകൾ , മുമ്പ് ക്രമക്കേടുകൾ റിപ്പോർട്ട് ചെയ്ത സ്ഥാപനങ്ങൾ, ഉദ്യോഗസ്ഥരുടെ വിരമിക്കൽ എന്ന ക്രമം സാധാരണയായി സ്വീകരിക്കാവുന്നതും എന്നാൽ അനിവാര്യമെങ്കിൽ വകുപ്പധ്യ ക്ഷന്റെ അനുമതിയോടെ അനുവദിക്കപ്പെട്ട ഏതു ഓഫീസും പരിശോധിക്കാവുന്നതുമാണ്.
2. പരാമർശം 1, 2, 3 ലെ ഉത്തരവുകൾ കർശനമായി പാലിച്ചുകൊണ്ട് ആഭ്യന്തര പരിശോ ധന നടത്തേണ്ടതാണ്.
3. ജയിൽ സ്ഥാപനങ്ങളിലെ പ്രാഥമിക പരിശോധന റിപ്പോർട്ട് 15 ദിവസത്തിനുള്ളിലും അന്

തിമ റിപ്പോർട്ട് 30 ദിവസത്തിനുള്ളിലും സമർപ്പിക്കേണ്ടതാണ്.

Balram Kumar Upadhyay
DIRECTOR GENERAL

സ്വീകർത്താവ്: ഡി.ഐ.ജി (പ്രിസൺസ്)
ഉത്തരമേഖല/മദ്ധ്യമേഖല/ദക്ഷിണമേഖല

പകർപ്പ്: എല്ലാ ജയിൽസ്ഥാപനമേധാവിമാർക്കും
ജയിലാസ്ഥാനകാര്യാലയത്തിലെ എല്ലാ ഉദ്യോഗസ്ഥർക്കും
വെബ് സൈറ്റ്/കൺട്രോൾ റൂം

Signed by
Preetha V S
Date: 17-09-2025 14:43:47